## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. അരുൺ. എൻ.എസ്, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ ഉ(സാധാ) നം. 1679/2017/ആ.കു.വ തീയതി 16.06.2017
2. ഇ എ1- 33740(2)/17/ആ.കു.വ തീയതി 16.12.2017
3. ഡോ. അരുൺ.എൻ.എസ് സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 30.06.2018**

പരാമർശം (1) പ്രകാരം, പത്തനംതിട്ട കൊറ്റനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ. അരുൺ.എൻ.എസിന് തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം, ഡോ. അരുൺ.എൻ.എസിന് ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ സ്ഥാനം നൽകുകയും അന്യത്ര സേവന വ്യവസ്ഥയിൽ തുടരുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

അന്യത്ര സേവന കാലയളവ് 30.06.2018 ൽ പൂർത്തിയാകുകയാണെന്നും ആയതിനാൽ 01.07.2018 മുതൽ ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിയമന ഉത്തരവിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായുള്ള ഡോ. അരുൺ.എൻ.എസിന്റെ അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത നിയമനം ലഭിക്കുന്നതു വരെ ഡോ. അരുൺ.എൻ.എസിനെ **തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാനെക്കാളും സീനിയറായ ജൂനിയർ കൺസൾട്ടന്റ് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന്

അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ അന്യത്ര സേവന ഉത്തരവിന് കാലതാമസം വരികയാണെങ്കിൽ ഈ ഉത്തരവ് പുന: പരിശോധിക്കുന്നതാണ്.

ടിയാൻ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. ബിന്ദു മോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**
**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്
ഡോ. അരുൺ.എൻ.എസ്, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് തിരുവനന്തപുരം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
4. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
5. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**